## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2545** **17.08.2017 ൽ മറുപടിയ്ക്ക്**

## ദേശീയ പാതയോരത്തെ മദ്യശാലകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ഹൈബി ഈഡൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നഗരമേഖലയിലൂടെ കടന്ന് പോകുന്ന ദേശീയ സംസ്ഥാന പാതകളുടെ പദവി മാറ്റി പാതയോരങ്ങളിലെ മദ്യശാലകൾ തുറക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ വിശദാംശം നൽകുമോ; | (എ) & (ബി) | ദേശീയ പാതയോരത്തെ മദ്യശാലകൾ തുറക്കുന്നതിന് സർക്കാർ നയപരമായ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല. |
| (ബി) | നഗരപരിധിയ്ക്കുള്ളിലെ റോഡുകളെ ദേശീയപാത വിഭാഗത്തിൽ നിന്നും ഒഴിവാക്കി മദ്യശാലകൾക്ക് അനുമതി നൽകുവാൻ സംസ്ഥാന സർക്കാറുകൾക്ക് അധികാരമുണ്ടെന്ന ജൂലൈ നാലാം തീയതിയിലെ സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിലാണോ മേൽപറഞ്ഞ കാര്യം പരിഗണിക്കുന്നത്; | | |
| (സി) | 2017 മാർച്ച് 31 ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ദേശീയ സംസ്ഥാന | (സി) | ഉദ്ദേശം 366 കോടിയോളം രൂപ പ്രതിവർഷം വരുമാന നഷ്ടം ഉണ്ടാകാനിടയുണ്ട്. |

| | | | |
|---|---|---|---|
| | പാതയോരങ്ങളിലെ മദ്യശാലകൾ പൂട്ടിയത് മൂലം സർക്കാരിന് പ്രതിവർഷം എന്ത് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്; | | |
| (ഡി) | പാതകളുടെ പദവി മാറ്റുകയാണെങ്കിൽ അടഞ്ഞ് കിടക്കുന്ന എത്ര ബീയർ-വൈൻപാർലറുകൾ, കള്ളുഷാപ്പുകൾ, മദ്യവിൽപന ശാലകൾ , ക്ലബുകൾ എന്നിവയ്ക്ക് അനുമതി ലഭിക്കും എന്നറിയിക്കാമോ; | (ഡി) | ദേശീയ സംസ്ഥാന പാതകളുടെ പദവി മാറ്റുകയാണെങ്കിൽ 21 എഫ്.എൽ.1 മദ്യ വില്പനശാലകളും, 10 ബാറുകളും, 10 എഫ്.എൽ.4 എ ക്ലബ്ബുകളും, 373 ബിയർ/വൈൻ പാർലറുകളും, 529 കള്ള്ഷാപ്പുകളും തുറന്ന് പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നതാണ്. |
| (ഇ) | ദേശീയ പാതയോരത്തെ മദ്യശാലകൾ തുറക്കുന്നതിലൂടെ സർക്കാർ നയമായ മദ്യവർജ്ജനം എപ്രകാരമാണ് നടപ്പിലാക്കുവാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | മദ്യവർജ്ജനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള മദ്യനയമാണ് സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ